# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560

ഫോൺ: 0481 - 2733298, മൊബൈൽ : 9495119702


2019 ഒക്ടോബർ 31

# വാർത്താക്കുറിപ്പ്

## പരീക്ഷകൾ മാറ്റി

മഹാത്മാ ഗാന്ധി സർവകലാശാല 2019 നവംബർ ഒന്നിന് നടത്താനിരുന്ന എല്ലാ പരീക്ഷകളും മാറ്റിവച്ചു. പുതുക്കിയ തീയതി പിന്നീട്.

(പി.ആർ.ഒ/39/1924/2019)

## പുതുക്കിയ പരീക്ഷ തീയതി

ഒക്ടോബർ 28ന് നടത്താനിരുന്ന മൂന്നാം സെമസ്റ്റർ സി.ബി.സി.എസ്. (2018 അഡ്മിഷൻ റഗുലർ, 2017 അഡ്മിഷൻ റീഅപ്പിയറൻസ്), മൂന്നാം സെമസ്റ്റർ സി.ബി.സി.എസ്.എസ്. (2013-2016 അഡ്മിഷൻ റീഅപ്പിയറൻസ്), മൂന്നാം സെമസ്റ്റർ സി.ബി.സി.എസ്.എസ്. ബി.എസ്‌സി. സൈബർ ഫോറൻസിക് (2018 അഡ്മിഷൻ റഗുലർ/2017 അഡ്മിഷൻ റീഅപ്പിയറൻസ്) യു.ജി. പരീക്ഷകൾ നവംബർ 20ന് നടക്കും.

ഒക്ടോബർ 28ന് നടത്താനിരുന്ന ഒന്നാം സെമസ്റ്റർ എം.എ./എം.എസ്‌സി./എം.കോം പ്രൈവറ്റ് രജിസ്‌ട്രേഷൻ (2018 അഡ്മിഷൻ റഗുലർ, 2017 അഡ്മിഷൻ സപ്ലിമെന്ററി, 2017ന് മുമ്പുള്ള അഡ്മിഷൻ സപ്ലിമെന്ററി/മേഴ്‌സി ചാൻസ് - 2004-2013 അഡ്മിഷൻ അദാലത്ത്-സ്‌പെഷൽ മേഴ്‌സി ചാൻസ് 2018) പരീക്ഷകൾ നവംബർ 14ന് നടക്കും.

ഒക്ടോബർ 28ന് നടത്താനിരുന്ന ഒന്നാം വർഷ ബി.പി.ടി. (2008 അഡ്മിഷൻ മുതൽ) സപ്ലിമെന്ററി പരീക്ഷ നവംബർ നാലിന് നടക്കും.

ഒക്ടോബർ 28ന് അഫിലിയേറ്റഡ് കോളേജുകളിലും സീപാസിലും നടത്താനിരുന്ന രണ്ടാം സെമസ്റ്റർ എം.സി.എ. പരീക്ഷകൾ നവംബർ ആറിന് നടക്കും.

ഒക്ടോബർ 28ന് നടത്താനിരുന്ന മൂന്നാം സെമസ്റ്റർ എം.എച്ച്.ആർ.എം. (2018 അഡ്മിഷൻ റഗുലർ/2015-2017 അഡ്മിഷൻ സപ്ലിമെന്ററി) പരീക്ഷകൾ നവംബർ 11ന് നടക്കും.

അഫിലിയേറ്റഡ് കോളേജുകളിൽ ഒക്ടോബർ 28ന് നടത്താനിരുന്ന രണ്ടാം സെമസ്റ്റർ എം.എസ്‌സി. കമ്പ്യൂട്ടർ എൻജിനീയറിംഗ് ആന്റ് നെറ്റ്‌വർക്ക് ടെക്‌നോളജി (2018 അഡ്മിഷൻ റഗുലർ/2015-2017 അഡ്മിഷൻ സപ്ലിമെന്ററി) പരീക്ഷ നവംബർ എട്ടിന് നടക്കും.

അഫിലിയേറ്റഡ് കോളേജുകളിൽ ഒക്ടോബർ 28ന് നടത്താനിരുന്ന ഏഴാം സെമസ്റ്റർ എൽ.എൽ.ബി. പരീക്ഷ നവംബർ നാലിന് നടക്കും.

ഒക്ടോബർ 28ന് സീപാസിൽ നടത്താനിരുന്ന രണ്ട്, ഏഴ് സെമസ്റ്റർ ബി.ടെക് (2015 അഡ്മിഷൻ മുതൽ സപ്ലിമെന്ററി/ഇംപ്രൂവ്‌മെന്റ്) പരീക്ഷ നവംബർ 15ന് നടക്കും.

ഒക്ടോബർ 28ന് നടത്താനിരുന്ന മൂന്നാം സെമസ്റ്റർ എം.ബി.എ. (2018 അഡ്മിഷൻ റഗുലർ/2015-2017 അഡ്മിഷൻ സപ്ലിമെന്ററി) പരീക്ഷ നവംബർ 26ന് നടക്കും.

ഒക്ടോബർ 28ന് നടത്താനിരുന്ന രണ്ടാം സെമസ്റ്റർ എം.എസ്‌സി. മെഡിക്കൽ ഡോക്യുമെന്റേഷൻ (2018 അഡ്മിഷൻ റഗുലർ/2016-2017 അഡ്മിഷൻ സപ്ലിമെന്ററി), രണ്ടാം സെമസ്റ്റർ മാസ്റ്റർ ഓഫ് അപ്ലൈഡ് സയൻസ് ഇൻ മെഡിക്കൽ ഡോക്യുമെന്റേഷൻ (2015 അഡ്മിഷൻ സപ്ലിമെന്ററി) പരീക്ഷകൾ നവംബർ ആറിന് നടക്കും.

നാലാം സെമസ്റ്റർ എം.എസ്‌സി. മെഡിക്കൽ ബയോകെമിസ്ട്രി (2017 അഡ്മിഷൻ റഗുലർ/2013-2016 അഡ്മിഷൻ സപ്ലിമെന്ററി) പരീക്ഷ നവംബർ നാലിന് നടക്കും.

ഒക്ടോബർ 28ന് നടത്താനിരുന്ന രണ്ടാം സെമസ്റ്റർ എം.എസ്‌സി. ബയോമെഡിക്കൽ ഇൻസ്ട്രുമെന്റേഷൻ (2018 അഡ്മിഷൻ റഗുലർ/2016, 2017 അഡ്മിഷൻ സപ്ലിമെന്ററി) ആന്റ് മാസ്റ്റർ ഓഫ് അപ്ലൈഡ് സയൻസ് ഇൻ ബയോമെഡിക്കൽ ഇൻസ്ട്രുമെന്റേഷൻ (2015 അഡ്മിഷൻ സപ്ലിമെന്ററി) പരീക്ഷ നവംബർ നാലിന് നടക്കും.

ഒക്ടോബർ 28ന് നടത്താനിരുന്ന രണ്ടാം വർഷ എം.എസ്‌സി. മെഡിക്കൽ അനാട്ടമി (റഗുലർ/സപ്ലിമെന്ററി) പരീക്ഷ നവംബർ നാലിന് നടക്കും.

ഒക്ടോബർ 28ന് സ്‌കൂൾ ഓഫ് ഇന്ത്യൻ ലീഗൽ തോട്ടിൽ നടത്താനിരുന്ന ഏഴാം സെമസ്റ്റർ പഞ്ചവത്സര ബി.ബി.എ. എൽ.എൽ.ബി. (ഓണേഴ്‌സ്) പരീക്ഷ നവംബർ 13ന് നടക്കും.

മറ്റു പരീക്ഷകളുടെ തീയതി, പരീക്ഷകേന്ദ്രം എന്നിവയ്ക്ക് മാറ്റമില്ല.

(പി.ആർ.ഒ/39/1925/2019)

## വൈവാവോസി മാറ്റി

ഒക്ടോബർ 31ന് കളമശേരി സെന്റ് പോൾസ് കോളേജ്, ചങ്ങനാശ്ശേരി എൻ.എസ്.എസ്. ഹിന്ദു കോളേജ്, എന്നിവിടങ്ങളിൽ നടത്താനിരുന്ന നാലാം സെമസ്റ്റർ എം.എസ്‌സി. മാത്തമാറ്റിക്‌സ് പ്രൈവറ്റ് ജൂലൈ 2019 പരീക്ഷയുടെ പ്രോജക്ട് മൂല്യനിർണയം, വൈവാവോസി എന്നിവ നവംബർ അഞ്ചിന് നടക്കും. വിദ്യാർഥികൾ ഹാൾടിക്കറ്റുമായി പരീക്ഷകേന്ദ്രങ്ങളിൽ എത്തണം.

(പി.ആർ.ഒ/39/1926/2019)

## പരീക്ഷ തീയതി

അഞ്ചാം സെമസ്റ്റർ ബി.പി.ഇ.എസ്. (2016 അഡ്മിഷൻ റഗുലർ) പരീക്ഷകൾ നവംബർ 30 മുതൽ ആരംഭിക്കും. പിഴയില്ലാതെ നവംബർ ഏഴുവരെയും 500 രൂപ പിഴയോടെ എട്ടുവരെയും 1000 രൂപ സൂപ്പർഫൈനോടെ നവംബർ 11 വരെയും അപേക്ഷിക്കാം.

(പി.ആർ.ഒ/39/1927/2019)

ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കമ്മ്യൂണിക്കേഷൻ ആന്റ് ജേർണലിസത്തിലെ ഒന്നും രണ്ടും സെമസ്റ്റർ എം.എ.ജെ.എം.സി. (2016 അഡ്മിഷൻ ഡിപ്പാർട്ട്‌മെന്റ് മാത്രം) സപ്ലിമെന്ററി പരീക്ഷകൾ യഥാക്രമം നവംബർ എട്ട്, 13 തീയതികളിൽ ആരംഭിക്കും. പിഴയില്ലാതെ നവംബർ രണ്ടുവരെ അപേക്ഷിക്കാം.

(പി.ആർ.ഒ/39/1928/2019)

## എം.ജിയിൽ കേരളപ്പിറവി-മലയാള ദിനം, ഭരണഭാഷ വാരാഘോഷം ഇന്ന് (നവംബർ 1)

മലയാള ദിനാഘോഷത്തോടും ഭരണഭാഷ വാരാഘോഷത്തോടും അനുബന്ധിച്ച് മഹാത്മാഗാന്ധി സർവകലാശാലയിൽ ഇന്ന് (നവംബർ ഒന്ന്) ഭരണഭാഷ പ്രതിജ്ഞയും 'ഫാർമർ ഫസ്റ്റ്' പരിപാടി ഉദ്ഘാടനവും കർഷകരെ ആദരിക്കലും കാർഷിക പ്രഭാഷണവും നടക്കും. മലയാള ദിനത്തോടും ഭരണഭാഷ വാരാഘോഷത്തോടുമനുബന്ധിച്ച് രാവിലെ 11ന് സർവകലാശാല ജീവനക്കാർ ഭരണഭാഷ പ്രതിജ്ഞയെടുക്കും. കേരളപ്പിറവി ദിനാഘോഷത്തോടനുബന്ധിച്ച് ഡിപ്പാർട്ട്‌മെന്റ് ഓഫ് ലൈഫ് ലോങ് ലേണിങ് ആൻഡ് എക്സ്റ്റൻഷനും എൻ.എസ്.എസും ഡി.എൽ.എൽ.ഇ. ജൈവകൃഷി കോഴ്‌സ് പൂർവവിദ്യാർഥി സംഘടനയും സംയുക്തമായി സംഘടിപ്പിക്കുന്ന 'ഫാർമർ ഫസ്റ്റ്' പരിപാടിയുടെ ഉദ്ഘാടനവും കർഷകരെ ആദരിക്കലും കാർഷിക പ്രഭാഷണവും രാവിലെ 11.30ന് സർവകലാശാല അസംബ്ലി ഹാളിൽ നടക്കും.

വൈസ് ചാൻസലറുടെ ചുമതല വഹിക്കുന്ന പ്രോ-വൈസ് ചാൻസലർ പ്രൊഫ. സി.ടി. അരവിന്ദകുമാർ ഉദ്ഘാടനം നിർവഹിക്കും. സിൻഡിക്കേറ്റംഗം അഡ്വ. പി.കെ. ഹരികുമാർ അധ്യക്ഷത വഹിക്കും. ജൈവകർഷകൻ കെ.വി. ദയാലിനെ ആദരിക്കും. സിൻഡിക്കേറ്റംഗങ്ങളായ ഡോ. അജി സി. പണിക്കർ, ഡോ. എം.എസ്. മുരളി, ഡോ. എ. ജോസ്, ഡോ. ആർ. പ്രഗാഷ്, രജിസ്ട്രാർ പ്രൊഫ. കെ. സാബുക്കുട്ടൻ, ഡി.എൽ.എൽ.ഇ. ജൈവകൃഷി കോഴ്‌സ് പൂർവവിദ്യാർഥി സംഘടന പ്രസിഡന്റ് എം.കെ. സെബാസ്റ്റ്യൻ എന്നിവർ പങ്കെടുക്കും. കർഷകനും കൃഷിയും; മാറേണ്ട കാഴ്ചപ്പാടുകൾ എന്ന വിഷയത്തിൽ കെ.വി. ദയാൽ പ്രഭാഷണം നടത്തും.

ഭരണഭാഷ വാരാഘോഷത്തോടനുബന്ധിച്ച് സ്‌കൂൾ ഓഫ് ലെറ്റേഴ്‌സിന്റെ ആഭിമുഖ്യത്തിൽ നവംബർ നാലിന് രാവിലെ 11ന് കവിതാലാപന മത്സരം സംഘടിപ്പിക്കും. സ്‌കൂൾ ഓഫ് ലെറ്റേഴ്‌സിൽ നടക്കുന്ന മത്സരത്തിൽ സർവകലാശാല ജീവനക്കാർക്കും വിദ്യാർഥികൾക്കും പങ്കെടുക്കാം. നവംബർ അഞ്ചിന് രാവിലെ 11ന് സർവകലാശാല വിദ്യാർഥികൾക്കായി 'മലയാളം; ഭാഷ, സാഹിത്യം, സംസ്‌കാരം' എന്ന വിഷയത്തിൽ പ്രശ്നോത്തരി മത്സരം സംഘടിപ്പിക്കും. 'മലയാളവും മലയാളിയും' എന്ന വിഷയത്തിൽ സംഘടിപ്പിക്കുന്ന പ്രബന്ധരചന മത്സരത്തിൽ സർവകലാശാല ജീവനക്കാർക്കും വിദ്യാർഥികൾക്കും പങ്കെടുക്കാം. പത്തുപുറത്തിൽ കവിയാത്ത പ്രബന്ധങ്ങൾ നവംബർ ഏഴിന് വൈകീട്ട് അഞ്ചിനകം ഡയറക്ടർ, സ്‌കൂൾ ഓഫ് ലെറ്റേഴ്‌സ്, പ്രിയദർശിനി ഹിൽസ് പി.ഒ. കോട്ടയം എന്ന വിലാസത്തിൽ നൽകണം.

കർഷകർക്ക് മുൻഗണന നൽകുക എന്ന സന്ദേശമുയർത്തി നടപ്പാക്കുന്ന ഫാർമർ ഫസ്റ്റ് പദ്ധതിയുടെ ഭാഗമായി എൻ.എസ്.എസിന്റെ ആഭിമുഖ്യത്തിൽ എല്ലാ കാമ്പസുകളിലും കൃഷിയുടെ മാഹാത്മ്യം, പരമ്പരാഗത കൃഷി രീതികൾ, നെൽവിത്തിനങ്ങൾ, ജൈവകൃഷി, ആധുനിക കൃഷി സാങ്കേതിക വിദ്യകൾ, ജലത്തിന്റെ ഗുണനിലവാരം പരിശോധിക്കൽ എന്നിവ പരിചയപ്പെടുത്തുന്ന പരിപാടികൾ സംഘടിപ്പിക്കും.

(പി.ആർ.ഒ/39/1929/2019)

## എം.ജിയിൽ ദേശീയ പുനരർപ്പണ-ഐക്യദിനാചരണം

മുൻ പ്രധാനമന്ത്രി ഇന്ദിരാഗാന്ധിയുടെ ചരമവാർഷികദിനത്തോടനുബന്ധിച്ച് ദേശീയ പുനരർപ്പണ ദിനാചരണത്തിന്റെ ഭാഗമായി മഹാത്മാഗാന്ധി സർവകലാശാലയിൽ മൗനാചരണം നടന്നു. ജീവനക്കാർ പുനരർപ്പണ പ്രതിജ്ഞയെടുത്തു. മുൻ കേന്ദ്രമന്ത്രി സർദാർ വല്ലഭ്ഭായ് പട്ടേലിന്റെ ജന്മദിനവാർഷികദിനത്തോടനുബന്ധിച്ച് ദേശീയ ഐക്യദിനാചരണത്തിന്റെ ഭാഗമായി രാഷ്ട്രീയ ഏക്താ ദിവസ് പ്രതിജ്ഞയെടുത്തു. സർവകലാശാല ഭരണവിഭാഗം ചത്വരത്തിൽ നടന്ന ചടങ്ങിൽ ജീവനക്കാർക്ക് പ്രോ-വൈസ് ചാൻസലർ പ്രൊഫ. സി.ടി. അരവിന്ദകുമാർ പ്രതിജ്ഞ ചൊല്ലിക്കൊടുത്തു. ഫിനാൻസ് ഓഫീസർ വത്സമ്മ കരുണാകരൻ, പി.ആർ.ഒ. എ. അരുൺകുമാർ, ജീവനക്കാർ എന്നിവർ പങ്കെടുത്തു.

## ഫോട്ടോ ക്യാപ്ഷൻ

**(1) മുൻ പ്രധാനമന്ത്രി ഇന്ദിരാഗാന്ധിയുടെ ചരമവാർഷികദിനത്തോടനുബന്ധിച്ച് ദേശീയ പുനരർപ്പണ ദിനാചരണത്തിന്റെ ഭാഗമായി മഹാത്മാഗാന്ധി സർവകലാശാലയിൽ ജീവനക്കാർ പുനരർപ്പണ പ്രതിജ്ഞയെടുക്കുന്നു**

**(2) മുൻ കേന്ദ്രമന്ത്രി സർദാർ വല്ലഭ്ഭായ് പട്ടേലിന്റെ ജന്മദിനവാർഷികദിനത്തോടനുബന്ധിച്ച് ദേശീയ ഐക്യദിനാചരണത്തിന്റെ ഭാഗമായി മഹാത്മാഗാന്ധി സർവകലാശാലയിൽ ജീവനക്കാർ രാഷ്ട്രീയ ഏക്താ ദിവസ് പ്രതിജ്ഞയെടുക്കുന്നു**

(പി.ആർ.ഒ/39/1930/2019)

**എ. അരുൺ കുമാർ**
പബ്ലിക് റിലേഷൻസ് ഓഫീസർ